# മണ്ണും പെണ്ണും പോയവന്റെ അനുഭവസാക്ഷ്യം

സക്കീർഹുസൈൻ. പി.ബി

കേരളീയം കഴിഞ്ഞ ലക്കത്തിൽ (ലക്കം 16) പ്രസിദ്ധീകരിച്ച, 'നെൽപ്പാടങ്ങളിൽ വാഴകൃഷി .....' എന്ന ലേഖനം വായിച്ചപ്പോൾ വർഷങ്ങൾക്ക മുമ്പ് സൗദി അറേബ്യയിലെ പ്രവാസജീവിതകാലത്ത് കണ്ടുമുട്ടിയ ഒരു കഥാപാത്രം ഓർമ്മയിൽ തെളിഞ്ഞുവന്നു.

ഞാൻ ജോലി ചെയ്തിരുന്ന കമ്പനിയിലെ ഡ്രൈവറായിരുന്നു റോബർട്ട് കിലാനോ. കെല്ലി എന്ന് ചുരുക്കപ്പേരിൽ വിളിക്കപ്പെടുന്ന ഈ ഫിലിപ്പൈൻ സ്വദേശി നല്ല ചുറുചുറുക്കുള്ള മധ്യവയസ്കനായിരുന്നു.

ഫിലിപ്പൈൻസിന്റെ തലസ്ഥാനമായ മനിലയിൽ നിന്നും വളരെയൊന്നും ദൂരെയല്ലാത്ത ഒരു ഗ്രാമത്തിലെ കർഷകകുടുംബത്തിൽ ജനിച്ച കെല്ലി

ശേഷം പേജ് 7

# മണ്ണും പെണ്ണും പോയവന്റെ അനുഭവസാക്ഷ്യം

6-ാം പേജ് തുടർച്ച

ക്ക്, കുടുംബസ്വത്തായി കിട്ടിയത് ധാരാളം നെല്ല് വിളയുന്ന ഫലഭൂയിഷ്ഠമായ നെൽപാടങ്ങളാണ്. കഠിനമായി അധ്വാനിക്കാൻ തയ്യാറുള്ള അയാൾക്ക് കൃഷിയിൽ നിന്നും നല്ല ആദായം ലഭിച്ചിരുന്നു. എന്നാൽ ശാസ്ത്രീയകൃഷി രീതി അവലംബിച്ച് കൃഷി തുടങ്ങിയപ്പോൾ അതിൽ നിന്നുള്ള ആദായവും കുറയാൻ തുടങ്ങി. കീടനാശിനിക്കും, രാസവളത്തിനും വില കൂടിയതോടെ കൃഷി നഷ്ടത്തിലായി. ആ ഇടയ്ക്കാണ് ഒരു അമേരിക്കൻ കമ്പനി വാഴക്കൃഷിക്കായി ആ പ്രദേശത്തെ നെൽപ്പാടങ്ങൾ പാട്ടത്തിനെടുത്തത്. നെൽകൃഷിയേക്കാൾ ലാഭം പാട്ടത്തിന് നൽകുന്നതാണ് എന്ന കൃഷിവിദഗ്ധരുടെ വാക്ക് കേട്ട് കെല്ലിയുടെ ഭൂമി മുഴുവൻ കമ്പനിക്കായി വിട്ടുകൊടുത്തു. വർഷങ്ങളോളം വാഴകൃഷി ചെയ്ത് ഭൂമിയിൽ രാസമാലിന്യങ്ങൾ കുമിഞ്ഞുകൂടി. ഫലഭൂയിഷ്ഠമായിരുന്ന നെൽപ്പാടങ്ങൾ പുല്ല് പോലും മുളക്കാത്ത തരിശുഭൂമിയായി മാറി. മുൻ കരാറുകൾ മുഴുവൻ കാറ്റിൽപ്പറത്തി വാഴക്കൃഷി നടത്തിയ ശേഷം കൃഷിയിടത്തിൽ നിന്നും പിന്മാറിയ കമ്പനി ഏതാനും തുട്ടുകൾ കർഷകർക്ക് നൽകി തടിയൂരി.

പൂർണ്ണമായും വന്ധ്യമായ നെൽപ്പാടങ്ങൾ ഉപേക്ഷിച്ചാണ് കെല്ലിയെപ്പോലുള്ള ആയിരങ്ങൾ, സൗദിയിലെ എണ്ണപ്പാടങ്ങളിൽ ഭാഗ്യാന്വേഷികളായി പറന്നെത്തിയത്. എന്നാലും കഴപ്പമില്ലെന്നും കായലുകളും തെങ്ങിൻതോപ്പുകളും നിറഞ്ഞ അവരുടെ പ്രദേശം ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിച്ച് വരുന്നുണ്ട് എന്നും കെല്ലി ഇടക്ക് ആശ്വാസം കൊള്ളുമായിരുന്നു. ഒരവധിക്കാലത്ത് നാട്ടിൽ പോയി മടങ്ങിയെത്തിയ അയാൾ പറഞ്ഞത് കയ്യിലുണ്ടായ സമ്പാദ്യം കൊണ്ട് വീട് നന്നായി പണിതു എന്നും, വീട്ടിൽ പെയിംഗ് ഗസ്റ്റുകൾ ആയി താമസിക്കാൻ എത്തുന്ന വിദേശികൾക്കായി പ്രത്യേകം മുറികൾ ഒരുക്കീട്ടുണ്ട് എന്നുമാണ്. പെയിംഗ് ഗസ്റ്റുകളിൽ നിന്നും വാടകയായിക്കിട്ടുന്നത്, 'അമേരിക്കൻ ഡോളർ' ആണെന്നും ഒരിക്കൽ കെല്ലി പറഞ്ഞതായി ഓർക്കുന്നു.

ഇനി സ്വന്തമായി ഓടിക്കാൻ ഒരു ഹയർ ബൈക്ക് (നമ്മുടെ ഓട്ടോറിക്ഷ പോലെ) കൂടി വാങ്ങിക്കണം. അതിനുള്ള പണം സ്വരൂപിച്ചുകഴിഞ്ഞാൽ ഗൾഫിനോട് വിട പറയുമെന്നും, അയാൾ പറയുമായിരുന്നു. നാട്ടിൽ എത്തി പെയിംഗ് ഗസ്റ്റുകളിൽ നിന്നുള്ള വാടകയും മോട്ടോർസൈക്കിളിൽ നിന്നുള്ള വരുമാനവും കൊണ്ട് കുടുംബസമേതം നാട്ടിൽ സുന്ദരമായി കഴിഞ്ഞുകൂടാം എന്നും ഏതൊരു ഗൾഫുകാരനേയും പോലെ കെല്ലിയും ആഗ്രഹിച്ചിരുന്നു. എന്നാൽ ഒരു ദിവസം നാട്ടിൽ നിന്നും വന്ന ഒരു ഫോൺകോൾ അയാളുടെ പദ്ധതികളെ ആകെ തകിടം മറിച്ചു. പെയിംഗ് ഗസ്റ്റായി സ്ഥിരമായി അയാളുടെ വീട്ടിൽ എത്തിയിരുന്ന ഒരു അമേരിക്കക്കാരനോടൊപ്പം കെല്ലിയുടെ ഭാര്യ കടന്നുകളഞ്ഞു എന്നായിരുന്നു ഫോൺ. ഉടൻ തന്നെ നാട്ടിലേക്ക് തിരിച്ച കെല്ലി പിന്നീട് ഗൾഫിലേക്ക് തിരിച്ചുവന്നില്ല.

നാട്ടിൽ തിരിച്ചെത്തിയ അയാൾ ഒരു മുഴുക്കുടിയനായെന്നും, ഒരിക്കൽ മദ്യപിച്ച് വണ്ടി ഓടിക്കുന്നതിനിടയിൽ മരിച്ചു പോയി എന്നും കെല്ലിയുടെ നാട്ടുകാരിൽ നിന്നും പിന്നീടറിഞ്ഞു.

മൂന്നാം ലോകരാജ്യങ്ങളിലെ സമ്പന്നമായ മണ്ണും (പ്രകൃതി വിഭവങ്ങൾ) പെണ്ണും (പാരമ്പര്യവിശ്വാസങ്ങൾ) തകർത്തെറിഞ്ഞു സ്വന്തംതാൽപര്യങ്ങൾ സംരക്ഷിക്കുകയും ലാഭമുണ്ടാക്കുകയും ചെയ്യുക എന്ന ഒറ്റലക്ഷ്യം മാത്രമാണ് സമ്പന്ന രാഷ്ട്രങ്ങൾക്ക് മുന്നിലുള്ളത്. മേൽപ്പറഞ്ഞ മണ്ണും പെണ്ണും പോയവന്റെ അനുഭവസാക്ഷ്യം അതാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്.